ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ് ലൈസൻസിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുകയാണെങ്കിൽ അതും ആദായകരമായിരിക്കുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിലും ആദായകരമാണ് ലൈസൻസിംഗ് സമ്പ്രദായം എന്ന് ഗവണ്മെണ്ടിനു ബോദ്ധ്യമില്ല. മാത്രമല്ല, ഇപ്പോഴത്തെ സിസ്റ്റം മാറണമെന്നും ഗവണ്മെണ്ടു് വിചാരിക്കുന്നില്ല.

ശ്രീ. പി. കെ. ഡിവർ: ലേലം വിളിച്ചു കൊടുക്കുകയാണെങ്കിൽ കോവാപ്പറേറ്റീവ് സൊസൈറ്റിക്കുതന്നെ കിട്ടണമെന്നും നിർബന്ധമില്ലല്ലോ.

ശ്രീ ടി. കെ. നാരായണപിള്ള: അതിനു ചില വ്യവസ്ഥകളെല്ലാം ഉണ്ടു്. അതനുസരിച്ചു് മിക്കവാറും അവർക്കുതന്നെ കിട്ടാനിടയുണ്ടു്.

Mr. Speaker: We will now take up short notice questions.

Short notice questions

ചാലക്കുടി കൊച്ചിൻ പോട്ടറീസ്

* ൫. (൩) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ചാലക്കുടി, കൊച്ചിൻ പോട്ടറീസ് ലിമിറ്റഡ് ഒക്ടോബർ ൨൩-ാംതീയതി മുതൽ പൂട്ടിയിട്ടിരിക്കുന്ന വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിയമപ്രകാരം മാനേജ്മെണ്ടിൽനിന്നു നോട്ടീസ് കൊടുത്തതിനു ശേഷമാണോ കമ്പനി പൂട്ടിയതു്;

(സി) ടി കമ്പനി പൂട്ടിയതിനെ സംബന്ധിച്ചു് കൊച്ചിൻ പോട്ടറീസ് ലേബർ യൂണിയനിൽനിന്നു വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) നിയമപ്രകാരം നോട്ടീസു കൊടുത്തുകൊണ്ടും തൊഴിലാളികൾക്കു് നഷ്ടപരിഹാരവും ഡിയർനസ്സ് അലവൻസും മറ്റും നല്കിക്കൊണ്ടുമാണു് ഇതു് പൂട്ടിയിട്ടിരിക്കുന്നതു്.

(സി) അതിനെപ്പറ്റി ആക്ഷേപം കിട്ടിയിട്ടുണ്ടു്. ആ ആക്ഷേപത്തെ സംബന്ധിച്ചു് വേണ്ട അന്വേഷണം നടത്തുകയും ചെയ്തു.

ശ്രീ. സി. സി. പ്രസാദ്†: തൊഴിലാളികളുടെ അവകാശങ്ങൾ എല്ലാം നല്കിക്കൊണ്ടാണെങ്കിലും ഈ കമ്പനി ഇങ്ങനെ പൂട്ടിയിട്ടിരിക്കുന്നതു് നിയമപ്രകാരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ ശരിയാണു്.

ശ്രീ. സി. സി. പ്രസാദ്: നിയമപ്രകാരം നോക്കുമ്പോൾ തൊഴിലാളികൾക്കു് എതെങ്കിലും അവകാശങ്ങൾ സംരക്ഷിക്കാതെ കിടപ്പുള്ളതായി ഗവണ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവകാശങ്ങൾ ഒന്നുംതന്നെ സംരക്ഷിക്കാതെ ഇരുന്നിട്ടില്ല.

---

† The question was allowed to be put by Sri. C. C. Prasad as the questioner was not present.

LIBRARY ARCHIVES Kerala Legislative Assembly